സമ്പദ്‌രംഗം

**ഫൈസൽ കൊച്ചി**

# പൂട്ടിപ്പോയ തുറന്നവിപണി



ഫ്രഡറിക് ഹെയ്ക്

**നവലിബറലിസത്തിന് തിരിച്ചുവരാനുള്ള ശേഷി നൽകിയത് ഫ്രഡറിക് ഹെയ്ക് എന്ന സാമ്പത്തിക ശാസ്ത്രജ്ഞനാണ്. 1960 കളിൽ അദ്ദേഹം എഴുതിയ *സ്വാതന്ത്ര്യത്തിന്റെ ഭരണഘടന* എന്ന പുസ്തകമാണ് ‘നവലിബറലിസത്തിന്റെ ബൈബിൾ ’എന്ന പേരിൽ പ്രസിദ്ധമായത്. 1979ൽ അധികാരത്തിലെത്തിയ മാർഗരറ്റ് താച്ചർ ക്യാബിനറ്റിൽ ഈ പുസ്തകം ഉയർത്തിപ്പിടിച്ച് ‘ഇതാണ് നമ്മുടെ വിശ്വാസപ്രമാണം’ എന്ന് പ്രസ്താവിക്കുകയുണ്ടായി. 1981ൽ അമേരിക്കയിൽ റീഗൺ നടപ്പിലാക്കിയ റീഗണോമിക്സ് നവലിബറലിസത്തിന്റെ തനിപ്പകർപ്പായിരുന്നു.**

**‘തുറന്നവിപണി’** എന്ന ആശയത്തിന്റെ ആധികാരിക വക്താവ് മുതലാളിത്തത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ആഡംസ്മിത്താണ്. അദ്ദേഹത്തിന്റെ *വെൽത്ത് ഓഫ് നേഷൻസ്* (1776 ) എന്ന പ്രസിദ്ധമായ ഗ്രന്ഥമാണ് കമ്പോള ചിന്തക്ക് ഊടും പാവുമേകിയത്. സമ്പത്ത് കുന്നുകൂട്ടണമെന്ന് ആഗ്രഹിക്കുന്നവരാവണം കമ്പോളത്തിൽ പ്രവേശിക്കേണ്ടത് എന്ന് സ്മിത്ത് വാദിച്ചു. കമ്പോളം യാതൊരുവിധ നിയന്ത്രണങ്ങൾക്കോ ബാഹ്യഇടപെടലുകൾക്കോ വിധേയമാകാൻ പാടില്ല. സമ്പദ്‌വ്യവസ്ഥയെ കമ്പോളശക്തികളായ ചോദനവും പ്രദാനവും ചേർന്ന് മുന്നോട്ടു നയിക്കും. കമ്പോളത്തിലും സമ്പദ് വ്യവസ്ഥയിലും ഒരു ‘അദൃശ്യകരം’ കാര്യക്ഷമമായി പ്രവർത്തിക്കും. സ്വതന്ത്രവ്യാപാരമാണ് സമ്പദ്‌വ്യവസ്ഥ പുരോഗതിയിലേക്ക് കുതിക്കുന്നതിനുള്ള മാർഗമായി സ്മിത്ത് അവതരിപ്പിച്ചത്. വ്യക്തിവാദവും മത്സരവും അതിന്റെ സവിശേഷതകളായി വിവരിക്കപ്പെട്ടു. 1800 മുതൽ 1900 വരെയുള്ള കാലം അമേരിക്കയിലും യൂറോപ്പിലും സ്മിത്ത് സിദ്ധാന്തങ്ങൾ പ്രചുരപ്രചാരം നേടുകയും അമിതാവേശത്തോടെ പരീക്ഷണവിധേയമാക്കുകയും ചെയ്തു. എന്നാൽ 1930കളിൽ സംഭവിച്ച മഹാമാന്ദ്യം കമ്പോളവാദികളെ അമ്പരപ്പിച്ചു. കമ്പോളശക്തികൾ പണിമുടക്കിയതും അദൃശ്യകരം പ്രവർത്തനരഹിതമായതും കണ്ട് ഭരണാധികാരികൾ ഭയന്നു. സ്വതന്ത്ര കമ്പോളവാദമാണ് മാന്ദ്യത്തിന് കാരണമായതെന്ന് ജോൺ മെയ്നാഡ് കെയ്ൻസ് എന്ന സാമ്പത്തികശാസ്ത്രജ്ഞൻ വാദിച്ചു. കാര്യക്ഷമമായ സർക്കാർ ഇടപെടലുകളിലൂടെയും ബാങ്കുകളുടെ സക്രിയമായ സാന്നിധ്യത്തിലൂടെയും മാത്രമേ പ്രതിസന്ധി പരിഹരിക്കാൻ കഴിയുകയുള്ളൂവെന്ന് ലിബറലിസത്തെ വെല്ലുവിളിച്ചുകൊണ്ട് കെയ്ൻസ് സമർഥിച്ചു. ലോകം ലിബറലിസത്തോട് താൽക്കാലികമായി വിടചൊല്ലിയ സന്ദർഭമായിരുന്നു അത്.

കെയ്ൻസ് സിദ്ധാന്തങ്ങൾ ‘കെയ്നീഷ്യൻ സാമ്പത്തികക്രമം’ എന്ന പേരിൽ പ്രസിദ്ധിയാർജിച്ചു. സ്വകാര്യമേഖലയുടെ അനിയന്ത്രിതമായ കുതിച്ചുകയറ്റം കാര്യക്ഷമമല്ലാത്ത സമ്പദ്‌വ്യവസ്ഥയെ പ്രദാനം ചെയ്യുമെന്ന് കെയ്ൻസ് അഭിപ്രായപ്പെട്ടു. സ്വകാര്യമേഖലയുടെ ചൂഷണങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കാൻ പൊതുമേഖലയുടെ സജീവ പങ്കാളിത്തം അനിവാര്യമാണ്. ഓരോ രാജ്യത്തെയും ഗവൺമെന്റുകൾ പൊതുചെലവ് വർധിപ്പിക്കുകയും കേന്ദ്രബാങ്ക് ക്രിയാത്മകമായ ധനനയം ആവിഷ്കരിക്കുകയും ചെയ്തില്ലെങ്കിൽ പ്രതിസന്ധികൾ ജനജീവിതത്തെ വല

ക്കുമെന്ന് കെയ്ൻസ് മുന്നറിയിപ്പ് നൽകി. 1936ൽ അദ്ദേഹം പ്രസിദ്ധീകരിച്ച *പണം, പലിശ, തൊഴിൽ- ഒരു പൊതുസിദ്ധാന്തം* എന്ന പുസ്തകത്തിലൂടെയാണ് ഈ ആശയങ്ങൾ സമർപ്പിക്കപ്പെട്ടത്. മാന്ദ്യകാലത്ത് ഏറെ ചർച്ചചെയ്യപ്പെട്ട പുസ്തകമായിരുന്നു അത്. സാമ്പത്തികമാന്ദ്യത്തിൽനിന്നും കരകയറുന്നതിനായി പാശ്ചാത്യരാജ്യങ്ങളിലെ എല്ലാ ഭരണാധികാരികളും കെയ്ൻസിന്റെ സിദ്ധാന്തങ്ങൾക്കനുസരിച്ച നയങ്ങൾ ആവിഷ്കരിച്ചു. ആവേശം മൂത്ത് അമേരിക്കൻ പ്രസിഡന്റായിരുന്ന റിച്ചാർഡ് നിക്സൺ ഇപ്രകാരം പ്രഖ്യാപിക്കുകയുണ്ടായി. "നാമെല്ലാവരും ഇപ്പോൾ കെയ്നീഷ്യൻസാണ്." സാമ്പത്തിക പ്രവർത്തനങ്ങളിൽ സർക്കാർ ക്രിയാത്മകമായി ഇടപെടണമെന്ന അദ്ദേഹത്തിന്റെ വാദമായിരുന്നു 1930കളിൽ തീവ്രപരിചരണവിഭാഗത്തിലായിരുന്ന മുതലാളിത്തത്തെ രക്ഷിച്ചത്.

പ്രതിസന്ധികൾ പക്ഷേ മുതലാളിത്തത്തിന്റെ കൂടപ്പിറപ്പായിരുന്നു. 1970കളിൽ ലോകം വീണ്ടും മാന്ദ്യത്തിന്റെ പിടിയിലായി. 'നമുക്കൊരു പുതിയ കെയ്ൻസ് വേണം' എന്ന മുറവിളി പാശ്ചാത്യലോകത്ത് ശക്തിപ്പെട്ടു. ആ വെല്ലുവിളിയേറ്റെടുത്ത് മുതലാളിത്തത്തെ രക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ട 'പുതിയ കെയ്ൻസായിരുന്നു' മിൽടൺ ഫ്രീഡ്മാൻ. ആഡംസ്മിത്തിന്റെ കമ്പോളചിന്തയിലേക്കുള്ള തിരിച്ചുപോക്കിനാണ് ഫ്രീഡ്മാൻ മുൻഗണന നൽകിയത്. 1962ൽ അദ്ദേഹം എഴുതിയ *മുതലാളിത്തവും സ്വാതന്ത്ര്യവും* എന്ന പുസ്തകത്തിൽ സമർപ്പിക്കപ്പെട്ട ആശയങ്ങൾ ആഡംസ്മിത്തിൽനിന്നും കടംകൊണ്ടവയും കെയ്ൻസിനെ തള്ളിപ്പറയുന്നതുമായിരുന്നു. മത്സരാധിഷ്ഠിത മുതലാളിത്തത്തിന്റെ യഥാർഥഭാവം പുസ്തകത്തിൽ ദൃശ്യമാണ്. സാമ്പത്തികപ്രവർത്തനങ്ങൾ തുറന്ന കമ്പോളത്തിൽ സ്വകാര്യപങ്കാളിത്തത്തോടെ നിർവഹിക്കപ്പെടേണ്ടതാണെന്നും രാഷ്ട്രീയസ്വാതന്ത്ര്യം കരസ്ഥമാക്കുന്നതിനുള്ള മുന്നുപാധിയാണ് സാമ്പത്തികസ്വാതന്ത്ര്യമെന്നും ഫ്രീഡ്മാൻ വാദിച്ചു. 1980കളിൽ അമേരിക്കൻ ടി.വിയിൽ പ്രക്ഷേപണം ചെയ്യപ്പെട്ട 'തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം' എന്ന പ്രഭാഷണ പരമ്പരയിലൂടെയാണ് ഫ്രീഡ്മാൻ നവലിബറലിസത്തെ ജനങ്ങളിലേക്കെത്തിച്ചത്. നവലിബറലിസത്തിന് തിരിച്ചുവരാനുള്ള


മിൽടൺ ഫ്രീഡ്മാൻ


കെയ്ൻസ്

**സമ്പന്നരും സാധാരണക്കാരും തമ്മിലുള്ള അകൽച്ച വർധിപ്പിക്കുന്നതിൽ നിയോലിബറലിസം വഹിച്ച പങ്ക് വളരെ വലുതാണ്. ഈ നയങ്ങൾ ഏറ്റെടുക്കുകവഴി സമ്പന്നരെ സഹായിക്കുന്നതിനുള്ള ധനവിതരണഏജൻസിയായി സർക്കാർ അധഃപതിക്കുകയാണ് ചെയ്യുന്നത്. ലോകത്ത് ഇത് അസമത്വം വർധിപ്പിക്കുന്നു.**

ശേഷി നൽകിയത് ഫ്രഡറിക് ഹെയ്ക് എന്ന സാമ്പത്തികശാസ്ത്രജ്ഞനാണ്. 1960 കളിൽ അദ്ദേഹം എഴുതിയ *സ്വാതന്ത്ര്യത്തിന്റെ ഭരണഘടന* എന്ന പുസ്തകമാണ് 'നവലിബറലിസത്തിന്റെ ബൈബിൾ 'എന്ന പേരിൽ പ്രസിദ്ധമായത്. 1979ൽ അധികാരത്തിലെത്തിയ മാർഗരറ്റ് താച്ചർ ക്യാബിനറ്റിൽ ഈ പുസ്തകം ഉയർത്തിപ്പിടിച്ച് 'ഇതാണ് നമ്മുടെ വിശ്വാസപ്രമാണം' എന്ന് പ്രസ്താവിക്കുകയുണ്ടായി. 1981ൽ അമേരിക്കയിൽ റീഗൺ നടപ്പിലാക്കിയ റീഗണോമിക്സ് നവലിബറലിസത്തിന്റെ തനിപ്പകർപ്പായിരുന്നു.

പുതിയ കാലത്ത് തുറന്ന കമ്പോളത്തിന്റെ അധീശാധിപത്യത്തിന് പ്രചോദനമേകിയ ആശയധാരയാണ് നവലിബറലിസം. ലോകം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് കാരണക്കാരായ പ്രതികളിൽ പ്രധാനിയാണ് നവലിബറലിസം. സാമൂഹികനിയന്ത്രണങ്ങൾക്കെതിരായി വ്യക്തിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുന്ന ചിന്താപദ്ധതിയായാണ് ഇത് തുടക്കം കുറിച്ചത്. 'കുറച്ചുപ്രവർത്തിക്കുന്ന സർക്കാർ നല്ല സർക്കാർ 'എന്ന ആശയത്തിൽ ജനങ്ങൾ വളരേ വേഗം ആകൃഷ്ടരായി. അതിരുകവിഞ്ഞ വ്യക്തിവാദമാണ് ആളുകളെ ആകർഷിക്കാനുള്ള പ്രധാന കാരണം. സമൂഹം എന്നൊന്നില്ലെന്നും സ്ത്രീപുരുഷന്മാർ മാത്രമേയുള്ളുവെന്നും അത് സിദ്ധാന്തിച്ചു. എല്ലാ തലങ്ങളിലും സ്വകാര്യസ്വത്തും കമ്പോളവൽക്കരണവും ഉറപ്പുവരുത്തുകയെന്നതും നവലിബറലിസത്തിന്റെ മറ്റൊരടിസ്ഥാനമാണ്. വായുവും വെള്ളവും എല്ലാം കച്ചവടച്ചരക്കായി മാറുന്നത് ഈ കാഴ്ചപ്പാടിൽ ദൃശ്യമാണ്. സർക്കാറിന്റെ നിയന്ത്രണങ്ങൾ ഇല്ലാതാക്കുകയെന്നതും തൊഴിൽബന്ധങ്ങൾ അയവുള്ളതാക്കുകയെന്നതും പ്രധാന ആവശ്യമായി ഇതിന്റെ വക്താക്കൾ ഉന്നയിക്കുന്നു. ഈ ആശയം ചിലിയിലാണ് ആദ്യമായി നടപ്പാക്കപ്പെട്ടത്. 1971 ൽ ചിലിയിൽ സോഷ്യലിസ്റ്റു ചായ്‌വുള്ള സാൽവദോർ അലൻഡേയെ വധിച്ച് അധികാരത്തിലെത്തിയ ജനറൽ പിനോഷെയെ സഹായിക്കാൻ ചിക്കാഗോ സർവകലാശാലയിൽ നിന്നും ഒരു കൂട്ടം പ്രഫസർമാർ നിയോഗിതരായി. അവർ അമേരിക്കയുടെ താൽപര്യങ്ങൾക്കൊത്ത് ചിലിയുടെ ഭരണം മുന്നോട്ടുകൊണ്ടുപോയി. മിൽട്ടൺ ഫ്രീഡ്മാൻ അവർക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുത്തു. ഇവരാണ് 'ചിക്കാഗോ പിള്ളേർ' എന്ന പേരിൽ അറിയപ്പെടുന്നത്. പത്തുവർഷം ചിലിയിൽ സാമ്പത്തികരംഗത്ത് അൽപം അഭിവൃദ്ധി ഉണ്ടായെങ്കിലും 1982ൽ ചിലിയിലെ സമ്പദ് വ്യവസ്ഥ ചീട്ടുകൊട്ടാരം പോലെ തകർന്നു. സമ്പന്നരും



ആഡംസ്മിത്ത്

**കമ്പോളത്തിൽ സർക്കാർ ഇടപെടലുകൾ പാടില്ലെന്ന് ലോകത്തെ പഠിപ്പിച്ചവർ അതിന് വിരുദ്ധമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. അമേരിക്ക 70000 കോടി ഡോളറാണ് സർക്കാർ ഖജനാവിൽ നിന്നും സ്വകാര്യകമ്പനികളെ രക്ഷിക്കാൻ വേണ്ടി ചെലവഴിച്ചത്. ബ്രിട്ടനിൽ 30000 കോടി പൗണ്ടും സർക്കാർ ഖജനാവിൽ നിന്നും നീക്കിവെച്ചിട്ടുണ്ട്. നിയന്ത്രണങ്ങൾ ആവശ്യമില്ലാത്തവിധം പരിശുദ്ധമായ തുറന്നവിപണി ഇപ്പോൾ പൂട്ടികൊണ്ടിരിക്കുകയാണെന്നർഥം.**

സാധാരണക്കാരും തമ്മിലുള്ള അകൽച്ച വർധിപ്പിക്കുന്നതിൽ നിയോലിബറലിസം വഹിച്ച പങ്ക് വളരെ വലുതാണ്. ഈ നയങ്ങൾ ഏറ്റെടുക്കുകവഴി സമ്പന്നരെ സഹായിക്കുന്നതിനുള്ള ധനവിതരണഏജൻസിയായി സർക്കാർ അധഃപതിക്കുകയാണ് ചെയ്യുന്നത്. ലോകത്ത് ഇത് അസമത്വം വർധിപ്പിക്കുന്നു.

2009 ലെ സാമ്പത്തികപ്രതിസന്ധി തുറന്ന കമ്പോളനയത്തിന്റെ സൃഷ്ടിയായാണ് വിലയിരുത്തപ്പെടുന്നത്. 1930 കളെ അപേക്ഷിച്ച് ലോകം ആഗോളഗ്രാമമായി ചുരുങ്ങിയതിന്റെ ഫലമായി കൂടുതൽ വേഗത്തിൽ അതിന്റെ കെടുതികൾ മനുഷ്യരെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ പഠനമനുസരിച്ച് ഈ വർഷം അഞ്ചു കോടിയിലധികമാളുകൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്നാണ് കണക്കാക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ ഉപോൽപന്നമായി സംഭവിക്കുന്നതാണ് ഭക്ഷ്യപ്രതിസന്ധി. കമ്പോളത്തിൽ സർക്കാർ ഇടപെടലുകൾ പാടില്ലെന്ന് ലോകത്തെ പഠിപ്പിച്ചവർ അതിന് വിരുദ്ധമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. അമേരിക്ക 70000 കോടി ഡോളറാണ് സർക്കാർ ഖജനാവിൽ നിന്നും സ്വകാര്യകമ്പനികളെ രക്ഷിക്കാൻ വേണ്ടി ചെലവഴിച്ചത്. ബ്രിട്ടനിൽ 30000 കോടി പൗണ്ടും സർക്കാർ ഖജനാവിൽ നിന്നും നീക്കിവെച്ചിട്ടുണ്ട്. നിയന്ത്രണങ്ങൾ ആവശ്യമില്ലാത്തവിധം പരിശുദ്ധമായ തുറന്നവിപണി ഇപ്പോൾ പൂട്ടികൊണ്ടിരിക്കുകയാണെന്നർഥം. ജനങ്ങൾക്ക് പണം നൽകാൻ ബാങ്കുകളെ ദേശസാൽകരിച്ച് മാതൃക കാണിച്ചവർ ഇന്ന് പണക്കാരുടെ പൊള്ളക്കടങ്ങൾ ദേശസാക്ഷാൽകരിച്ചുകൊണ്ടിരിക്കുകയാണ്. ചരിത്രത്തിലെ ഏറ്റവും ശക്തമായ ഭരണകൂട ഇടപെടലുകളാണ് സാമ്പത്തികരംഗത്ത് അമേരിക്കയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. യാഥാസ്ഥിതിക സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ പോലും ഇത്രയളവിൽ ഇടപെടലുകളുണ്ടായിട്ടില്ല.

തുറന്നവിപണിയെന്നത് ധനികർക്ക് വേണ്ടി അവർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന കമ്പോളാവസ്ഥയാണ്. സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുന്ന കമ്പോളശക്തികൾ എന്നാൽ ധനികരും അവരുടെ ദല്ലാൾമാരും എന്നർഥം. അവരുടെ റിമോട്ട് കൺട്രോളിനെയാണ് അദൃശ്യകരം എന്ന് വിശേഷിപ്പിക്കുന്നത്. ചൂഷണമാണ് പ്രവർത്തനങ്ങളുടെ അടിസ്ഥാനം. ജനങ്ങളുടെ ക്ഷേമം ലക്ഷ്യം വെക്കുന്ന ഒരാൾക്കും തുറന്ന വിപണിയെ പിന്തുണക്കാൻ സാധ്യമല്ല. ഇസ്‌ലാമിക സാമ്പത്തികക്രമം തീർത്തും ഈ അവസ്ഥയെ നിരാകരിക്കുകയാണ്. സകാത്ത് വ്യവസ്ഥയുടെ കാര്യക്ഷമമായ പ്രവർത്തനം, പലിശ നിരോധം, ദാനധർമങ്ങൾ , വഖ്ഫ് സമ്പ്രദായം എന്നിവ തന്നെ സാമ്പത്തിക പ്രവർത്തനങ്ങളെ ധനശേഷിയുള്ളവർക്ക് നിർലോഭം വിട്ടുകൊടുക്കുകയില്ല എന്നതിന്റെ പ്രതീകങ്ങളാണ്. ഇവക്കെല്ലാം പുറമേയാണ് സമ്പത്തിലുള്ള സ്രഷ്ടാവിന്റെ അവകാശം അടയാളപ്പെടുത്തുന്ന വിശുദ്ധഖുർആനിലെ വചനങ്ങൾ. തുറന്ന വിപണിയെ ആഴത്തിൽ മനസ്സിലാക്കിയവർക്ക് ഇസ്‌ലാമിക സമ്പദ് വ്യവസ്ഥ അതിന് സമാനമാണെന്ന് പറയാൻ സാധ്യമല്ല. ■

faisal.kochi@gmail.com